തുറന്ന ജയിൽ ആരംഭിക്കുന്നതിന് നടപടി

80(1561) ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി തുറന്ന ജയിൽ ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനമായിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്നും എവിടെയെല്ലാം എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരെണ്ണം കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ആദിവാസി പെൺകുട്ടികളെ കാണാതായ സംഭവം

81 (1562) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പനത്തടി പഞ്ചായത്തിലെ രാജപുരം പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിന്നും ആദിവാസി പെൺകുട്ടികളെ കാണാതായത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കാണാതായ പെൺകുട്ടികളുടെ പേര് വിവരവും വെളിപ്പെടുത്തുമോ;

(സി) അതിൽ എത്ര പെൺകുട്ടികളെ കണ്ടുകിട്ടിയെന്നും എത്ര പെൺകുട്ടികളെ കണ്ടു കിട്ടാനുണ്ടെന്നും പേര് വിവരം സഹിതം വിശദീകരിക്കുമോ;

(ഡി) ആദിവാസി പെൺകുട്ടികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അന്വേഷണ വിവരം വെളിപ്പെടുത്തുമോ;

(എഫ്) തിരോധാനത്തിന് പിന്നിൽ ഏതെങ്കിലും അധോലോക റാക്കറ്റുണ്ടോ എന്ന് അന്വേഷിക്കുമോ?

ഉത്തരം

(എ) ഈ സംഭവം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി)-(എഫ്) ബാധകമല്ല.

അബ്ദുൽ സലാമിനെ തട്ടിക്കൊണ്ടുപോയ സംഭവം

82 (1563) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ തൃപ്പനച്ചി ശ്രീ. അബ്ദുൽ സലാമിനെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ച കേസിലെ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly